LIBRARY ARCHIVES Kerala Legislative Assembly

വികസിപ്പിക്കാൻ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കഴിഞ്ഞിട്ടുണ്ട്. കൂടാതെ, അടുത്ത 5 വർഷം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളാണ് ടെക്നോപാർക്ക് ഫെയിസ് 1-ൽ ബ്രിഗേഡ് ഗ്രൂപ്പ്, കാർണിവൽ ഇൻഫോപാർക്ക്; ടെക്നോപാർക്ക് ഫെയിസ് 3-യിൽ ടെക്നോപാർക്കിന്റെ പുതിയ കെട്ടിടം, ടോറസ്സിന്റെ വിവിധ വികസന ഘട്ടങ്ങൾ, വിൻവിഷ് ടെക്നോളജീസ്; ടെക്നോസിറ്റിയിൽ കെ.എസ്.ഐ.ടി.ഐ.എൽ.-ന്റെ സ്പെയിസ് പാർക്ക് പ്രോജക്ട്, റ്റി.സി.എസ്. & റ്റാറ്റ ഇലക്സി, ബ്രിഗേഡിന്റെ വേൾഡ് ട്രെഡ് സെന്റർ തുടങ്ങിയ ഈ പദ്ധതികളിലൂടെ ഏകദേശം 56 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി./ഐ.ടി.ഇ.എസ്. സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ ഏകദേശം 57000 പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇൻഫോപാർക്കുമായി ബന്ധപ്പെട്ട് നടത്താൻ ഉദ്ദേശിക്കുന്ന ഭാവി വികസന പദ്ധതികൾക്കായി ഇൻഫോപാർക്ക് കൊച്ചിയിലും കൊരട്ടിയിലും കൂടുതൽ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ വിവിധ ഐ. ടി. പാർക്കുകളിലേയ്ക്ക് ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിനായി നിലവിൽ SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ആഗോളതലത്തിൽ മുന്നിൽ നിൽക്കുന്നതും കേരളത്തിൽ പ്രാതിനിധ്യം ഇല്ലാത്തതുമായ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലകളിലെ വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി കേരളത്തിലേക്ക് ക്ഷണിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

നാഷണൽ ട്രെയിനിംഗ് സെന്റർ

49 (1410) ശ്രീ. തോമസ് കെ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള കോളേജ് വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് കൂട്ടനാട്ടിൽ നിർദ്ദേശിച്ചിട്ടുള്ള എൻ.സി.സി. ട്രെയിനിംഗ് സെന്റർ എന്നത്തേയ്ക്ക് പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കുമോ?

കൂട്ടനാട് എൻ.സി.സി. നേവൽ ടെയിനിംഗ് സെന്ററിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 48 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ടെയിനിംഗ് സെന്ററിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തിക്ക് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഈ പദ്ധതി നടപ്പാക്കുന്നതോടുകൂടി നാടിനും ജനങ്ങൾക്കും എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

കൂട്ടനാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രളയം, കോവിഡ്-19 പോലെയുള്ള വലിയ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അടിയന്തര ഘട്ടത്തിൽ സംസ്ഥാന സർക്കാരിനും ജില്ലാ ഭരണകൂടത്തിനും ഒരു ദുരിതാശ്വാസ ക്യാമ്പ് ആയി ഉപയോഗിക്കത്തക്കവിധത്തിലാണ് ഈ നേവൽ ടെയിനിംഗ് സെന്റർ രൂപകല്പന ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയെന്നും എന്തെല്ലാം സംവിധാനങ്ങൾ ഇവിടെ ഒരുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ 12.88 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. 5 കേരള നേവൽ യൂണിറ്റ് ആഫീസ് കെട്ടിടം, 200 ആൺകുട്ടികൾക്കും 100 പെൺകുട്ടികൾക്കും താമസിച്ച് ജലത്തിലെ സാഹസിക പരിശീലനം സൗജന്യമായി നൽകുന്നതിനുള്ള നേവൽ ടെയിനിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനാണ് പദ്ധതി രൂപ കല്പന ചെയ്തിരിക്കുന്നത്.

അന്യസംസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിലെ ചികിത്സ

50 (1411) ശ്രീ. മുഹമ്മദ് മുഹസിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിൽ നടത്തിയ ചികിത്സാ ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാമോ എന്നറിയിക്കാമോ?

സമർപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly